'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ഓവർസിയർ ഗ്രേഡ് I ആയി സർവീസിലിരിക്കേ മരണപ്പെട്ട കെ. കെ. ഉഷ-യുടെ മകനായ ശ്രീ. വിപിൻ വാസ്-ന് ആശ്രിതനിയമനപദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ.) വകുപ്പ്

സ.ഉ.(കൈ) നം.168/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/12/2019

പരാമർശം:- 1. 24.05.1999 ലെ സ.ഉ (അച്ചടി) 12/99/ഉഭപവ നം. സർക്കാർ ഉത്തരവ്.

2. ശ്രീ.വിപിൻ വാസ് സമർപ്പിച്ച 01.02.2016 ലെ ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.

3. 16.12.2017 ലെ തസ്വഭവ-ഇ.ഡബ്ല്യൂ3/93/2016-തസ്വഭവ നം. സർക്കാർ കത്ത്.

4. പത്തനംതിട്ട ജില്ലാ കളക്ടറുടെ 09.11.2016 ലെ എസ്4-26872/2016 നം. കത്ത്.

5. ശ്രീ. വിപിൻ വാസ് സമർപ്പിച്ച 09.05.2019 ലെ ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ.

6. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 25.05.2019, 20.11.2019 തീയതികളിലെ ഇ2/2607/2016/സി.ഇ.എസ്./സി.ഇ./തസ്വഭവ നം. കത്തുകൾ

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ കോന്നി ബ്ലോക്ക് പഞ്ചായത്തിൽ ഓവർസിയർ ഗ്രേഡ് I ആയിരിക്കേ 03.07.2015 ൽ മരണപ്പെട്ട കെ.കെ.ഉഷ-യുടെ മകനായ ശ്രീ.വിപിൻ വാസ് ആശ്രിത നിയമന പദ്ധതി പ്രകാരം പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും പരാമർശം 3 പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർ പരിശോധിച്ച് ശുപാർശ ചെയ്തിരുന്നു. എന്നാൽ അപേക്ഷകൻ ടി തസ്തികക്കു ആവശ്യമായ ശാരീരികക്ഷമതാ പരീക്ഷ വിജയിക്കാത്ത സാഹചര്യത്തിൽ, മേൽ തസ്തികയിലേക്കുള്ള ടിയാന്റെ അപേക്ഷ നിരസിക്കുകയും അർഹതപ്പെട്ട മറ്റ് ഏതെങ്കിലും തസ്തികയിൽ അപേക്ഷിക്കാൻ പരാമർശം 4 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ മുഖേന അപേക്ഷകന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിൻപ്രകാരം ടിയാൻ തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 5 പ്രകാരം പുതുക്കിയ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മരണത്തീയതി മുതലുള്ള രണ്ട് വർഷ കാലാവധിക്കുള്ളിൽ ആശ്രിതനിയമനപ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ശ്രീ. വിപിൻ വാസ് ക്ലർക്ക് തസ്തികയിൽ അപേക്ഷിച്ചത് പ്രസ്തുത കാലാവധി കഴിഞ്ഞാണ്. എന്നാൽ, ടിയാൻ പോലിസ് കോൺസ്റ്റബിൾ തസ്തികയിൽ അപേക്ഷിക്കുകയും ആയത് നിരസിക്കുകയും ചെയ്തത് കാരണമാണ് ക്ലർക്ക് തസ്തികയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷിക്കാൻ കഴിയാത്തതെന്ന വസ്തുത

പരിഗണിച്ച് പുതുക്കിയ അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി നൽകിയിട്ടുണ്ട്.

2. അപേക്ഷകന്റെ ജനനതീയതി 31.05.1992 ആകയാൽ ടിയാന് ഇപ്പോൾ 27 വയസ്സുണ്ട്. ടിയാൻ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ടിയാന് ക്ലർക്ക് തസ്തികയിൽ നിയമനം നൽകാവുന്നതാണ്.

3. ശ്രീ. വിപിൻ വാസ് പരേതയായ കെ. കെ. ഉഷയുടെ മകനാണ്. പരേതയുടെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. പരേതയുടെ മറ്റ് എല്ലാ അനന്തരാവകാശികളും ശ്രീ. വിപിൻ വാസ്-ന് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം നല്കിയിട്ടുണ്ട്. ശ്രീ.വിപിൻ വാസ്, ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി ലഭിക്കുന്ന പക്ഷം പരേതയുടെ മറ്റ് അനന്തരാവകാശികളെ സംരക്ഷിച്ചുകൊള്ളാമെന്ന് വ്യക്തമാക്കുന്ന സംരക്ഷണ സമ്മതമൊഴി ഹാജരാക്കിയിട്ടുണ്ട്. അപേക്ഷകന്റെ വാർഷിക കുടുംബ വരുമാനം 1,20,000/-(ഒരു ലക്ഷത്തി ഇരുപതിനായിരം) രൂപയാണ് എന്ന് പത്തനംതിട്ട ജില്ലാ കളക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറും പത്തനംതിട്ട ജില്ലാ കളക്ടറും യഥാക്രമം പരാമർശം 3, 6 പ്രകാരം ശ്രീ. വിപിൻ വാസ്-ന്റെ അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓവർസീയർ ഗ്രേഡ് I തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട കെ. കെ. ഉഷയുടെ മകനായ ശ്രീ. വിപിൻ വാസ്-ന്, പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതയുടെ സർവീസ് ബുക്കിലും, പരേത ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ് മേധാവിയോ അറ്റസ്റ്റ് ചെയേണ്ടതാണ്. ആശ്രിത നിയമന അപേക്ഷ പ്രകാരമോ തുടർന്നുള്ള അന്വേഷണത്തിലോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5. തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ അപേക്ഷകന്റെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാന് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ മേൽ തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. പത്തനംതിട്ട ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യത്തിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകന് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീ. വിപിൻ വാസ്.,വിമൽ വിലാസം, മല്ലശ്ശേരി പി.ഒ., പത്തനംതിട്ട – 689 646

   (രജിസ്റ്റേഡ് തപാൽ മുഖേന).
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, പത്തനംതിട്ട.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. പൊതു ഭരണ(സി.ഇ. സെൽ) വകുപ്പ്.
7. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by
SREEKANTH G
Date: 2019 12:28:29 IST
Reason: Approved

സെക്ഷൻ ഓഫീസർ